(ബി) അല്ല. പ്രത്യേകാനുവാദം നൽകാൻ ഡിപ്പാർട്ടുമെൻറിനു് അധികാരമുണ്ടു്.

(സി) കൂടിയേ കഴിയൂ എന്നുള്ള നിലയിൽ ആവശ്യപ്പെട്ടിട്ടുള്ളവ ക്കെല്ലാം സ്കൂളുകൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : സാംസ്കാരികസമ്മേളനങ്ങളിൽ പാർട്ടിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന ഡിസ്ട്രിക്ടു് സമ്മേളനം പെടുന്നുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : ഡിസ്ട്രിക്ടു് സമ്മേളനമാണോ, സ്റ്റേറ്റു് സമ്മേളനമാണോ എന്നുള്ളതിനെക്കുറിച്ചു് ആലോചിച്ചിട്ടില്ല. സാംസ്കാരിക സമ്മേളനങ്ങൾ കൂടുന്നതിനു് അനുവാദത്തിനായി അപേക്ഷിച്ചപ്പോഴാണു് ഡിപ്പാർട്ടുമെൻറു് അനുവാദം നൽകിയതു്.

ശ്രീ. സി. എ. മാത്യു : സാംസ്കാരികസമ്മേളനത്തിനല്ലാതെ പാർട്ടി സമ്മേളനത്തിനാണെങ്കിൽ സ്കൂളുകൾ കൊടുക്കുമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി. ഡിപ്പാർട്ടുമെൻറു് അധികൃതന്മാർക്കു് യുക്തമെന്നു തോന്നുന്ന യോഗങ്ങൾക്കു് അനുവാദം കൊടുക്കും.

ശ്രീ. പി. രാമുണ്ണിക്കറുപ്പു് : വല്ല പാർട്ടിക്കാരും സ്കൂൾ അനുവദിക്കണമെന്നു് അപേക്ഷിച്ചിട്ടു് അനുവാദം നിഷേധിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : നിഷേധിച്ചിട്ടുണ്ടോ എന്നു് അറിഞ്ഞുകൂടാ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മദിരാശി ഗവണ്മെൻറിൻറെ കാലത്തും മലബാറിൽ സ്കൂളുകളിൽ യോഗം ചേരുന്നതിനു് അനുവാദം കൊടുക്കുന്ന പതിവുണ്ടായിരുന്നു എന്നു് അറിയാമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അറിയാം.

റിവർട്ടു ചെയ്ത ജൂനിയർ എഞ്ചിനീയർമാർ.

* 1686. [2] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു്, പൊതുമരാമത്തു് എന്നീ വകുപ്പുകൾ പുനഃസംഘടിപ്പിച്ചതിനെത്തുടർന്നു് എത്ര ജൂനിയർ എഞ്ചിനീയർമാരെ റിവർട്ടു ചെയ്തു ;

(ബി) ഇപ്രകാരം റിവർട്ടു ചെയ്തതു് സീനിയോറിറ്റി പരിഗണിച്ചാണോ, അല്ലെങ്കിൽ എന്തുകൊണ്ടു് ;

(സി) റിവർട്ടു ചെയ്തതു് സീനിയോറിറ്റി ക്രമപ്രകാരം ഏറ്റവും കുറഞ്ഞ സർവ്വീസുള്ളവരെയായിരിക്കണം എന്നു് ഗവണ്മെൻറിൽനിന്നു് ഉത്തരവു് പുറപ്പെടുവിച്ചിരുന്നുവോ ;

(ഡി) അതു നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു കാരണമെന്തു് ;

(ഇ) കൂടുതൽ സർവ്വീസുള്ള ജൂനിയർ എൻജിനീയർമാരെ റിവർട്ടു ചെയ്തു കുറഞ്ഞ സർവ്വീസുള്ളവരെ ജൂനിയർ എഞ്ചിനീയറായി തുടരാൻ അനുവദിച്ചിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

(എ) പുനഃസംഘടനയോടനുബന്ധിച്ചു് തസ്തിക കുറവു ചെയ്തതുകൊണ്ടു് 50 പേരുടെ തസ്തിക കുറവു വന്നിട്ടുണ്ടു്. ഈ 50 പേരെയും പിന്നീടു നിയമിച്ചിട്ടുണ്ടു്.

(ബി) ഡിസ്ട്രി ഹോംഡേഴ്സും, ഡിപ്ലോമക്കാരും എന്നുള്ള രണ്ടു് അനുപാതം വച്ചുകൊണ്ടാണു് ഇവരെ റിവർട്ടു ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

(ഡി) അതു നടപ്പിലാക്കുന്നതിനു് കുറച്ചു് ബുദ്ധിമുട്ടു നേരിട്ടു. അതു നടപ്പിലാക്കുകയാണെങ്കിൽ ഡിഗ്രിക്കാർക്കു് കുറെ ദോഷം വരുമെന്നാണു് അറിയുന്നതു്.

(ഇ) ഡിഗ്രി ഹോൾഡേഴ്സും ഡിപ്ലോമാക്കാരും എന്നുള്ള ഒരു അനുപാതം വച്ചു് റിവർട്ടു ചെയ്തുകൊണ്ടാണു് അങ്ങനെ വന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : സർട്ടിഫിക്കറുള്ള ആൾക്കാരെക്കാൾ കൂടുതൽ സർവ്വീസുള്ള ഡിപ്ലോമ ഹോൾഡേഴ്സിനെ റിവർട്ടു ചെയ്തതായി അറിയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : സീനിയോറിറ്റി അനുസരിച്ചു് റിവർട്ടു ചെയ്താൽ മതിയെന്നു് ഉത്തരവു കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ : റിവർട്ടു ചെയ്യപ്പെട്ടവരുടെ ബ്രേക്കു് ആഫ് സർവ്വീസു് റെഗുലറൈസ് ചെയ്യുമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. തോമസു് ജോൺ : എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദു് : ആരെയും പിരിച്ചു വിട്ടില്ല.

ഭൂവിതരണം.

* 1687. [3] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിലെ ഭൂവിതരണക്കമ്മിറ്റി ഇതിനകം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടെന്നു പറയാമോ ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലകളിലും എത്ര വീതം ; ഏവിടെയെല്ലാം ;

(സി) കാട്ടാമ്പള്ളി ജയിൽ പറമ്പു് പുറമ്പോക്കു സ്ഥലത്തുനിന്നും ഗവണ്മെൻറു കൂടിയിറക്കിയ ഹരിജനങ്ങളുടക്കം 47 കുടുംബങ്ങൾക്കു് ഭൂമി പതിച്ചു കൊടുക്കാൻ തീരുമാനം ഉണ്ടായിട്ടും ഇതുവരെ ഭൂമി വിതരണം ചെയ്യാത്തതിൻെറ കാരണം എന്താണു് ;

(ഡി) അവർക്കു കൂടിൽ കെട്ടി താമസിക്കുന്നതിനു് ഭൂമി അടിയന്തിരമായി വിതരണം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ, ബി) കോഴിക്കോടു ജില്ലയിൽ ബേക്കൂർ താലൂക്കു് ഒഴികെ ബാക്കി എല്ലാ താലൂക്കുകളിലുംകൂടി 1396 ഏക്കർ 30 സെൻറും, കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കൊഴികെ മറ്റുള്ള താലൂക്കുകളിൽ 462 ഏക്കർ 88 സെൻറും ഭൂമി വിതരണം ചെയ്തു. പാലക്കാടു് ഡിസ്ട്രിക്ടിലെ കണക്കു് കിട്ടിയിട്ടില്ല.

(സി) കാട്ടാമ്പള്ളിയിൽ നിന്നിറക്കപ്പെട്ട ഹരിജനങ്ങളിൽ അർഹരായവരുൾപ്പെടെ 47 പേർക്കു് 9 സെൻറു ഭൂമി വീതം കൊടുക്കുവാനും എട്ടു് സെൻറു് ഒരു വഴിയുടെ ആവശ്യത്തിനു മാറ്റി വയ്ക്കുവാനുമാണു് കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ ഭൂവിതരണക്കമ്മിറ്റി നിർദ്ദേശിച്ചതു് പത്തു സെൻറു സ്ഥലം ഒരു പൊതു കക്കൂസു് നിർമ്മിക്കുന്നതിനുവേണ്ടിയും 35 സെൻറു

LIBRARY ARCHIVES Kerala Legislative Assembly